## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 136 28.10.2019-ൽ മറുപടി നൽകേണ്ടിയിരുന്നത്

### പോലീസ് എക്സൈസ് വകുപ്പുകളിലെ കസ്റ്റഡി മരണങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.കെ.ബഷീർ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് പോലീസ് എക്സൈസ് വകുപ്പുകളിലെ കസ്റ്റഡി മരണങ്ങൾ സിബിഐ അന്വേഷിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം കസ്റ്റഡിമരണക്കേസുകൾ അന്വേഷിക്കുന്നതിനാണ് സിബിഐ.ക്ക് കൈമാറിയിട്ടുള്ളത്; വ്യക്തമാക്കാമോ; | (എ) കസ്റ്റഡി മരണം ആരോപിക്കപ്പെട്ടിട്ടുള്ള 4 കേസുകളിൽ സി.ബി.ഐ അന്വേഷണത്തിന് അനുമതി നൽകിയിട്ടുണ്ട്.<br><br>1. ക്രൈം ബ്രാഞ്ച് ക്രൈം നം.390/CB/IDK/R/2019 (പീരുമേട് പി.എസ് ക്രൈം നം.349/19)<br>2. ക്രൈം ബ്രാഞ്ച് ക്രൈം നം. 126/CR/HHW-I/TVM/2014 (പാറശാല പി.എസ് ക്രൈം നം.562/14)<br>3. ക്രൈം ബ്രാഞ്ച് ക്രൈം നം. 259/CR/HHW-II/EKM/2010 (ടൗൺ നോർത്ത് പി.എസ് ക്രൈം നം.251/10)<br>4. പാവറട്ടി പോലീസ് സ്റ്റേഷൻ ക്രൈം നം.458/19 |
| (ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിവിധങ്ങളായ കസ്റ്റഡി മരണങ്ങളുടെ അന്വേഷണം സി.ബി.ഐ.ക്ക് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത കസ്റ്റഡി മരണങ്ങൾ കൂടി സിബിഐ അന്വേഷണത്തിനായി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നടന്ന ക്രൈം നം. 390/CB/IDK/R/2019 (പീരുമേട് പി.എസ്. ക്രൈം നം. 349/19), പാവറട്ടി പോലീസ് സ്റ്റേഷൻ ക്രൈം നം.458/19 എന്നിവ സി.ബി.ഐ.യ്ക്ക് കൈമാറിയിട്ടുണ്ട്. |
| (സി) 2016 മുതൽ സംസ്ഥാനത്ത് നടന്ന ഓരോ കസ്റ്റഡി മരണങ്ങളുടെയും അതിൽ പ്രതികളാക്കപ്പെട്ട/ ഉത്തരവാദികളായ ഉദ്യോഗസ്ഥർ ആരെല്ലാം ആണെന്നും അവർക്കെതിരെ സ്വീകരിച്ച വകുപ്പുതല/ നിയമനടപടികൾ എന്തെല്ലാം ആണെന്നും ഉള്ള പൂർണ്ണ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (സി) പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി കൈക്കൊണ്ടതിന്റെ വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നം. | ക്രൈം നം. | ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച നടപടി |
|---|---|---|
| 1 | Cr.348/2016 U/s 174 Cr.PC | വണ്ടൂർ പോലീസ് സ്റ്റേഷനിലെ മനോജ് (SCPO 3494), സതീഷ് CPO 4987, സനീഷ് (SHO) എന്നിവരെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യുകയും പിന്നീട് തിരിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്. സനീഷ് എസ്.ഐ യുടെ വാർഷിക വേതന വർദ്ധനവ് സഞ്ചിത ഫലത്തോടെ ഒരു വർഷത്തേക്കും, സതീഷ് CPO 4987 യുടെ വാർഷിക വേതന വർദ്ധനവ് സഞ്ചിത ഫലത്തോടെ രണ്ടു വർഷത്തേക്ക് തടഞ്ഞു വയ്ക്കുകയും ചെയ്തിട്ടുള്ളതാണ്. |
| 2 | Cr.No.1983/16 U/s 174 Cr.PC | എം.എസ്.ഫൈസൽ, SHO തലശ്ശേരി പോലീസ് സ്റ്റേഷൻ, വി.വി രാമചന്ദ്രൻ, GASI 4170, സി.രമേശൻ ജി.എ.എസ്.ഐ 4250 എന്നീ പോലീസ് ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്യുകയും പിന്നീട് സർവ്വീസിൽ തിരിച്ചെടുത്തു ഇവരുടെ വാർഷിക വേതന വർദ്ധനവ് സഞ്ചിത ഫലമില്ലാതെ ഒരു വർഷത്തേക്ക് തടഞ്ഞു ഉത്തരവായിട്ടുള്ളതുമാണ്. |
| 3 | Cr.No.321/18 | പ്രസ്തുത കേസിൽ പ്രതിയാക്കപ്പെട്ട ക്രിസ്പിൻ സാം CI, ദീപക് SI, ജയനന്ദൻ ASI, SCPO 8765 സന്തോഷ് ബേബി, CPO E 11953 ശ്രീരാജ്, CPO E 10066 ബി സുനിൽകുമാർ പി പി, CPO E ജിതിൻ രാജ്, CPO 12593 സുമേഷ് എം എസ് എന്നീ 9 പോലീസ് ഉദ്യോഗസ്ഥർക്കെതിരെയും വകുപ്പ് തല നടപടികൾ സ്വീകരിച്ചിട്ടുള്ളതും ഈ ഉദ്യോഗസ്ഥരെ പ്രോസിക്യൂട്ട് ചെയ്യുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുള്ളതുമാണ്. GASI 7346 സുധീറിനെ അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്യുകയും പിന്നീട് സർവ്വീസിൽ തിരിച്ചെടുത്ത് വകുപ്പ് തല നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ എറണാകുളം റൂറൽ ജില്ലയിലെ പോലീസ് മേധാവിയായിരുന്ന ശ്രീ.എ.വി ജോർജ്ജിനെയും അന്വേഷണവിധേയമായി സസ്പെന്റ് ചെയ്യുകയും പിന്നീട് സർവ്വീസിൽ തിരിച്ചെടുക്കുകയും ചെയ്തിട്ടുള്ളതാണ്. |
| 4 | Cr.No.653/19 U/s 174 Cr.PC | പ്രസാദ് എ.എസ്.ഐ (G) സെബാസ്റ്റ്യൻ CPO 7542 എന്നിവരെ സർവ്വീസിൽ നിന്നും അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്തിട്ടുള്ളതും, സ്റ്റേഷൻ IP ഷിജിക്കെതിരെ വകുപ്പ് തല അന്വേഷണം നടന്നു വരുന്നതുമാണ്. |

സെക്ഷൻ ഓഫീസർ